പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1984 22-01-2014-ൽ മറുപടിക്ക്.

വ്യാജമദ്യ ഒഴുക്ക് തടയുന്നതിന് അന്യസംസ്ഥാന സഹകരണം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്: | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | വ്യാജമദ്യ ഒഴുക്ക് തടയുന്നതിനും കുറ്റവാളികളെ കൈമാറുന്നതിനും എക്സൈസ് വകുപ്പും അയൽ സംസ്ഥാനങ്ങളിലെ എക്സൈസ് വകുപ്പും തമ്മിൽ എന്തെങ്കിലും ധാരണകളോ കരാറുകളോ നിലവിൽ വന്നിട്ടുണ്ടോ; | (എ) | അതിർത്തി സംസ്ഥാനങ്ങളിൽ നിന്നുമുള്ള സ്പിരിറ്റിന്റെ കള്ളക്കടത്തും വ്യാജമദ്യ നിർമ്മാണവും തടയുന്നതിനുള്ള സംയുക്ത പ്രവർത്തനങ്ങൾ സ്വീകരിക്കുവാനും, അന്തർ സംസ്ഥാന മദ്യക്കടത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികളുടെ വിവരങ്ങൾ പരസ്പരം കൈമാറുവാനും, മറ്റ് സംസ്ഥാനങ്ങളിലെ ഇത്തരം കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള അന്യസംസ്ഥാന കുറ്റവാളികളെ അവരുടെ മാതൃസംസ്ഥാനങ്ങളിൽ നിന്നും കണ്ടുപിടിച്ച് പരസ്പരം കൈമാറുവാനും, സംസ്ഥാനങ്ങളിലെ അതിർത്തി പ്രദേശങ്ങളിലെ വ്യാജമദ്യ നിർമ്മാണം കണ്ടെത്തുന്നതിന് സംയുക്ത റെയ്ഡുകൾ നടത്തുവാനും, അന്തർ സംസ്ഥാന ചെക്ക് പോസ്റ്റുകളിൽ അടിയന്തിര വിവരങ്ങൾ കൈമാറുവാനും, അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിലെ എക്സൈസ് വകുപ്പുകളുമായി ധാരണയായിട്ടുണ്ട്. |
| (ബി) | ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ